(സി & ഡി) എറണാകുളം ജില്ലയിൽ വാഴക്കുളം ബ്ലോക്ക് റൂറൽ സഹകരണ ബാങ്ക് ഇ. 1082 ന്റെ പ്രവർത്തനങ്ങൾ, കാർഷിക മേഖലയ്ക്കുള്ള വായ്പ ഒഴികെ, കോടതി തടഞ്ഞിട്ടുണ്ട്.

വിദേശ മലയാളികളുടെ പങ്കാളിത്തത്തോടെ സംസ്ഥാന സഹകരണ ബാങ്കുകൾ ആരംഭിക്കുവാൻ നടപടി

101 (4261) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ മലയാളികളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് വിദേശ മലയാളികളുമായോ അവരുടെ ഏതെങ്കിലും സംഘടനകളുമായോ എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി മൂലധനം എപ്രകാരം സ്വരൂപിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം ആസ്ഥാനമായി ഒരു എൻ.ആർ.ഐ. ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ്വ് ബാങ്കിന്റെ അനുമതി തേടിയിട്ടുണ്ട്.

(ഡി) അംഗങ്ങളിൽ നിന്നും സർക്കാരിൽ നിന്നും ഓഹരിയായി മൂലധനം സ്വരൂപിക്കുന്നതിനു പുറമെ നിക്ഷേപങ്ങൾ, സംഭാവന, വായ്പ, ഗ്രാന്റ്, സബ്സിഡി എന്നീ ഇനങ്ങളിലായി പ്രവർത്തനത്തിന് ആവശ്യമായ ധനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

കോ- ഓപ്പറേറ്റീവ് ആർബിട്രേഷൻ കോർട്ട്

102 (4262) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീമതി ഗിരിജാസുരേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോ-ഓപ്പറേറ്റീവ് ആർബിട്രേഷൻ കോർട്ട് ഇനിയും രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ആർബിട്രേഷൻ കോർട്ടിന്റെ അധികാര അവകാശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആർബിട്രേഷൻ കോടതികൾ രൂപീകരിക്കാൻ തീരുമാനിച്ചത് ഏതു ഉദ്ദേശ്യങ്ങളോടുകൂടിയായിരുന്നു ; ഇപ്പോഴത്തെ ആർബിട്രേഷൻ കോർട്ടിനെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത് എപ്പെഴായിരുന്നു ;

(ഡി) പ്രവർത്തനം ആരംഭിച്ചതിനുശേഷം സഹകരണസംഘങ്ങളുടെ നോൺ മോണിറ്ററി കേസ്സുകൾ കോടതി കൈകാര്യം ചെയ്യുകയുണ്ടായോ ;

(ഇ) കോടതി മുമ്പാകെ ഹയർ ചെയ്യപ്പെട്ട ഏതെങ്കിലും കേസ്സിൽ ബന്ധപ്പെട്ട എതിർഭാഗം കക്ഷിയെ ഹിയർ ചെയ്യാതെ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ എങ്കിൽ ഏതെല്ലാം കേസ്സുകളിൽ ; ഉത്തരവ് എന്തായിരുന്നു ;

(എഫ്) ആർബിട്രേഷൻ കോടതിയുടെ ഏതെല്ലാം കേസ്സുകളിൽ ഹൈക്കോടതി ഇടപെടുകയുണ്ടായെന്ന് വിശദമാക്കാമോ ;

(ജി) എതെങ്കിലും കേസ്സിൽ ആർബിട്രേഷൻ കോടതിയുടെ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(എച്ച്) കോടതിയുടെ അധികാര പരിധിക്കപ്പുറത്തുള്ള സംഗതികളിൽ ആർബിട്രേഷൻ നടപടി സ്വീകരിച്ചതായി പരാതി ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) 1969-ലെ കേരള സഹകരണസംഘം നിയമത്തിലെ 69-ാം വകുപ്പിൽ പ്രതിപാദിക്കുന്ന പണസംബന്ധമല്ലാത്ത തർക്കങ്ങളിൽ തീർപ്പുകല്പിക്കുന്നതിനുള്ള അധികാര അവകാശങ്ങൾ ആർബിട്രേഷൻ കോടതിയിൽ നിക്ഷിപ്തമായിട്ടുണ്ട്. കേസ്സുകൾ തീർപ്പു കല്പിക്കുന്നതിന് സഹകരണ സംഘം നിയമത്തിലെ വകുപ്പ് 70 (3) പ്രകാരം, 1908 ലെ സിവിൽ നടപടി നിയമത്തിൽ സിവിൽ കോടതിക്കുള്ള അതേ അധികാരങ്ങളാണ് സഹകരണ ആർബിട്രേഷൻ കോടതിക്കുള്ളത്. വകുപ്പ് 70 (2) അനുസരിച്ച് ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും അധികാരമുണ്ട്.

(സി) സഹകരണ സംഘങ്ങളുടെ ഭരണസമിതി തെരഞ്ഞെടുപ്പ് തർക്കം, ജീവനക്കാരുടെ സർവ്വീസ് സംബന്ധിച്ച തർക്കം തുടങ്ങിയ സാമ്പത്തികേതര കേസ്സുകളിൽ കാലതാമസം കൂടാതെ തീർപ്പ് കല്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇത്തരം കോടതി രൂപീകരിച്ചത്. 2-1-2003-ലെ സർക്കാർ ഉത്തരവ് (ചി) നം.1/2003/ സഹ. നമ്പർ ഉത്തരവ് പ്രകാരമാണ് ഇപ്പോഴത്തെ ആർബിട്രേഷൻ കോടതി രൂപീകരിച്ചത്.

(ഡി) ഉണ്ടായിട്ടുണ്ട്.

(ഇ) 4 കേസ്സുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

1. പാലക്കാട് ജില്ലാ സഹകരണ ബാങ്കിന്റെ പുതിയ ഭരണസമിതി അധികാരം ഏറ്റെടുക്കരുതെന്ന് ഇടക്കാല ഉത്തരവ് നല്കി.

2. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ പുതിയ ഭരണ സമിതി 31-5-2003 വരെ പുതിയ അംഗങ്ങളെ ചേർക്കുന്നത് തടഞ്ഞുകൊണ്ട് ഇടക്കാല ഉത്തരവ് നല്കി.

3. ഇടുക്കി ജില്ലയിലെ തുടങ്ങനാട് സർവീസ് സഹകരണ ബാങ്കിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ അധികാരം ഏടുക്കുന്നത് തടഞ്ഞുകൊണ്ടും ഇടക്കാല ഉത്തരവ് നല്കി.

4. ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിന്റെ മാനേജിംഗ് ഡയറക്ടറെ ജൂനിയർ ക്ലാർക്കായി തരംതാഴ്ത്തൽ നടപടി മറ്റൊരുത്തരവ് ഉണ്ടാകുന്നതുവരെ തടഞ്ഞു കൊണ്ട് ഇടക്കാല ഉത്തരവ് നല്കി.

(എഫ്) പാലക്കാട്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകൾ, കുട്ടനങ്ങാട് സർവീസ് സഹകരണ ബാങ്ക് എന്നിവയുടെ ഭരണ സമിതി തെരഞ്ഞെടുപ്പ് സംബന്ധിച്ച കേസ്സുകളിൽ ഹൈക്കോടതി ഇടപെട്ടിട്ടുണ്ട്.

(ജി) പാലക്കാട്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകൾ, തുടങ്ങാനാട് സർവീസ് സഹകരണ ബാങ്ക് എന്നിവയുടെ കേസ്സുകളിൽ.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ

103 (4263) ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ സഹായിക്കാൻ എന്തു പദ്ധതിയാണ് ഇന്ന് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ പദ്ധതി ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) 13-3-1995-ലെ ജി.ഒ. (എം.എസ്.) 41/95 സഹ. ഉത്തരവു പ്രകാരമുള്ള പുനരുദ്ധാരണ പദ്ധതി നിലവിലുണ്ട്. ഇതുപ്രകാരം പദ്ധതി അടങ്കലിന്റെ 65% സാമ്പത്തിക സഹായം സർക്കാർ അനുവദിക്കുന്നതാണ്. ഇതു കൂടാതെ 3-7-2000-ലെ ജി.ഒ. (പി) 108/2000/സഹ. ഉത്തരവുപ്രകാരം അംഗീകരിച്ചിട്ടുള്ള സഹകരണ ക്ഷേമ വികസന പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly